Regd. with AD.

# വിവരാവകാശനിയമം-2005

നമ്പർ ഇ1/11398/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം.
തീയതി :2/3/2017
0471 2306040
Siodkerala@gmail.com

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ**
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം.

**ശ്രീ.എം.മുഹമ്മദാലി**
കെ.ആർ.എ 11, T.C 48/596(13)
അമ്പലത്തറ,പൂന്തുറ പി.ഒ
തിരുവനന്തപുരം-695026

സർ,

വിഷയം- സാമൂഹ്യനീതി വകുപ്പ്. - ജീവനക്കാര്യം - വിവരാവകാശനിയമം-2005 മറുപടി നൽകുന്നത് സംബന്ധിച്ച്
സൂചന- 01-02-2017 ലെ താങ്കളുടെ വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷ

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ടതിൻ പ്രകാരം നിലവിൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര(എ.ആർ-14) വകുപ്പിന്റെ 25.02.2017 ലെ സ.ഉ(പി) നം.3/2017/ഉഭപവ ഉത്തരവ് പ്രകാരം പ്രസവാവധിയിൽ നിന്ന് മടങ്ങി വരുന്ന ജീവനക്കാരേയും 31/08/2007 ലെ സർക്കാർ ഉത്തരവ് സ.ഉ.(പി) 391/2007/ഫിൻ-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുട്ടിയെ ദത്തെടുക്കുന്നതിനുള്ള അവധിയ്ക്ക് അർഹരായിട്ടുള്ള സംസ്ഥാന സർക്കാരിലെ വനിതാജീവനക്കാരേയും അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ സ്റ്റേഷനിൽ തന്നെ ഒരു വർഷക്കാലത്തേയ്ക്ക് നിയമിക്കുവാനും അവർ അവരുടെ ഇഷ്ടപ്പെട്ട സ്ഥലത്തേയ്ക്ക് സ്ഥലം മാറ്റം കിട്ടാൻ അപേക്ഷിക്കുകയാണെങ്കിൽ അവരുടെ അപേക്ഷയ്ക്ക് ഒന്നാമതായി മുൻഗണന നൽകാനും വ്യവസ്ഥ ചെയ്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി ഉത്തരവിന്റെ പകർപ്പിനായി പേജ് 1 ന് 2 രൂപാ നിരക്കിൽ 13 പേജിന് ആകെ 26 രൂപ ട്രഷറിയിൽ 0070-60-118-99 receipts under the RTI Act 2005 എന്ന ശീർഷകത്തിൽ ഒടുക്കി അസൽ ചെലാൻ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഈ മറുപടി തൃപ്തികരമല്ലെങ്കിൽ താങ്കൾക്ക് അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ തിരുവനന്തപുരം എന്ന വിലാസത്തിൽ 30 ദിവസത്തിനകം അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

സാബു.ബി
സീനിയർ സൂപ്രണ്ട്/
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ